ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

**Prime Minister Narendra Modi met Air Chief Marshal AP Singh in New Delhi.**

2) ലോക ശ്രവ്യ-ദൃശ്യ -വിനോദ ഉച്ചകോടി - **WAVES** 2025 ന് മുംബൈയിൽ ഇന്ന് സമാപനം.

**World Audio Visual Entertainment Summit - WAVES 2025 concludes in Mumbai today.**

3) വാഷിംഗ്ടണ്ണിൽ നാളെ ആരംഭിക്കുന്ന ആഗോള ഭൂപരിഷ്ക്കരണ ചർച്ചകൾക്ക് ഇന്ത്യ നേതൃത്വം നൽകും.

**India will lead the global land reform talks starting tomorrow in Washington.**

4) കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രം വികസിപ്പിച്ച രണ്ട് ജീനോം അരി ഇനങ്ങൾ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പുറത്തിറക്കി.

**Agriculture Minister Shivraj Singh Chouhan released two genomic rice varieties developed by ICAR.**

5) കേരളത്തിൻറെ വിനോദ സഞ്ചാര മേഖലയെ പരിസ്ഥിതി സൗഹാർദ്ദമാക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says that the government aims to make Kerala's tourism sector eco-friendly.**

6) ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ശ്രീലങ്കയ്ക്ക് മൂന്ന് വിക്കറ്റ് വിജയം.

**Sri Lanka won by three wickets against India in the tri-nation women's ODI cricket match.**

**&&&&&&&&&&&&&**

## HEADLINE 1

## PM - AIR FORCE CHIEF

പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വർദ്ധിച്ചുവരുന്ന സംഘർഷ സാഹചര്യം കണക്കിലെടുത്തായിരുന്നു കൂടിക്കാഴ്ച .

**&&&&&&&&&&&&&**

## HEADLINE 3

## INDIA LAND REFORM

നാളെ മുതൽ ഈമാസം 8 വരെ വാഷിംഗ്ടൺ DC യിലെ ലോകബാങ്ക് ആസ്ഥാനത്ത് നടക്കുന്ന 2025 ലെ ആഗോള ഭൂപരിഷ്കരണ ചർച്ചകൾക്ക് ഇന്ത്യ നേതൃത്വം നൽകും. പഞ്ചായത്തിരാജ് സെക്രട്ടറി വിവേക് ഭരദ്വാജിന്റെ നേതൃത്വത്തിലുള്ള ഉന്നതതല ഇന്ത്യൻ പ്രതിനിധി സംഘം സമ്മേളനത്തിൽ പങ്കെടുക്കും. ഗ്രാമീണ സ്വത്തുക്കളുടെ നിയമപരമായ ഉടമസ്ഥാവകാശം അർഹരായവർക്ക് നൽകുന്ന ഇന്ത്യയുടെ സ്വാമിത്വ പദ്ധതി സമ്മേളനത്തിൽ അവതരിപ്പിക്കും. പദ്ധതി പ്രകാരം, 1.6 ലക്ഷം ഗ്രാമങ്ങളിലായി 24.4 ദശലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഉടമസ്ഥാവകാശ കാർഡുകൾ നൽകിയിട്ടുണ്ട്. സുസ്ഥിര വികസനം ലക്ഷ്യമിട്ട് ഭൂപരിഷ്കരണം, ഭൂവിനിയോഗം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷ ഫലങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&

## VICE PRESIDENT

മധ്യപ്രദേശ് സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഗ്വാളിയോറിലെത്തി. രാജ് മാതാ വിജയരാജെ സിന്ധ്യ കൃഷി വിശ്വവിദ്യാലയത്തിൽ, അധ്യാപകരുമായും വിദ്യാർത്ഥികളുമായും അദ്ദേഹം സംവദിക്കും. നഗരത്തിൽ സംഘടിപ്പിക്കുന്ന പ്രാദേശിക പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും. നാളെ കർണാടകയിലെത്തുന്ന ശ്രീ. ജഗ്ദീപ് ധൻഖർ സിർസിയിലെ കോളേജ് ഓഫ് ഫോറസ്റ്ററിയും സന്ദർശിക്കും.

&&&&&&&&&&&&&&

## SHAH- SANSKRIT EVENT -INTRO

സംസ്കൃത ഭാഷ പഠിക്കുകയും പരിശീലിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ സംസ്കൃത ഭാരതി സംഘടിപ്പിച്ച '1008 സംസ്കൃത പ്രസംഗ ക്യാമ്പുകളുടെ' സമാപന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രാജ്യത്ത് സംസ്കൃതം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**(HOLD VOICE)**

&&&&&&&&&&&&&&

## HEADLINE 4

## ICAR RICE

കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രം - ഐ.സി.എ.ആർ. വികസിപ്പിച്ച രണ്ട് ജീനോം അരി ഇനങ്ങൾ ന്യൂഡൽഹിയിൽ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പുറത്തിറക്കി. ഈ രണ്ട് ഇനങ്ങൾ ഉൽപാദനച്ചെലവ് കുറയ്ക്കുകയും രാജ്യത്ത് നെല്ലിന്റെ വിളവ് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ കാർഷിക ശാസ്ത്രജ്ഞരുടെ ഗവേഷണ ഫലം നേരിട്ട് കർഷകരിലേക്ക് എത്തിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&

**DEFENCE MINISTERS-MEET**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ ജാപ്പനീസ് പ്രതിരോധമന്ത്രി ജൻ നകതാനിയുമായി കൂടിക്കാഴ്ച നടത്തും. നിലവിലെ പ്രാദേശിക, അന്തർദേശീയ സുരക്ഷാ സാഹചര്യങ്ങൾ, ഉഭയകക്ഷി പ്രതിരോധ സഹകരണം കൂടുതൽ ദൃഢമാക്കാനുമുള്ള വഴികൾ എന്നിവ ചർച്ച ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം നവംബറിൽ ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ കൂടിക്കാഴ്ചയ്ക്ക് ശേഷം ആറ് മാസത്തിനുള്ളിൽ രണ്ടാമത്തെ കൂടിക്കാഴ്ചയാണിത് .

&&&&&&&&&&&&&&

**SITHARAMAN- ADB**

ധന മന്ത്രി നിർമ്മല സീതാരാമൻ ഇന്ന് മുതൽ ഈ മാസം 7 വരെ ഇറ്റലിയിലെ മിലാനിൽ നടക്കുന്ന ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 58-ാമത് വാർഷിക യോഗത്തിൽ പങ്കെടുക്കും. സന്ദർശന വേളയിൽ, ഇറ്റലി, ജപ്പാൻ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലെ ധനമന്ത്രിമാരുമായും മറ്റ് അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാരുമായും മന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും.

&&&&&&&&&&&&&&

**HEADLINE 5**

**CM KERALA**

കേരളത്തിൻറെ വിനോദ സഞ്ചാര മേഖലയെ കൂടുതൽ ആകർഷണീയവും പരിസ്ഥിതി സൗഹൃദവുമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടൂറിസം രംഗത്ത് സംസ്ഥാനം വൻ കുതിപ്പാണ് നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിൽ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതിയുടെ ഒന്നാം ഘട്ടം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&

# HEADLINE 6

## WOMENS CRICKET

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ ശ്രീലങ്കയ്ക്ക് 3 വിക്കറ്റ് ജയം. കൊളംബോയിൽ ഇന്ന് നടന്ന മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക, ഇന്ത്യയെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. ഇന്ത്യ നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 275 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ 4 പന്ത് ബാക്കി നിൽക്കെ ശ്രീലങ്ക ലക്ഷ്യം മറികടന്നു. ഏഴു വർഷത്തിനുശേഷമാണ് ഏകദിനത്തിൽ ശ്രീലങ്കൻ വനിതകൾ ഇന്ത്യൻ വനിതകളെ പരാജയപ്പെടുത്തുന്നത്.

&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഈഡൻ ഗാർഡൻസിൽ ഇപ്പോൾ സമാപിച്ച കളിയിൽ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഒരു റണ്ണിന് വിജയിച്ചു. ഇന്നത്തെ രണ്ടാം മത്സരത്തിൽ പഞ്ചാബ് കിങ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം. ഹിമാചൽ പ്രദേശിലെ ധരംശാല ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&

## BIHAR-KHELO INDIA GAMES

അണ്ടർ 18 ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ബിഹാറിലെ പട്നയിൽ ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി നിതീഷ് കുമാറും കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്യും. ഈ മാസം 15 ന് സമാപിക്കുന്ന ഗെയിംസിൽ 8,500 ലേറെ കായിക താരങ്ങൾ മത്സരിക്കും. 28 ഇനങ്ങളിലായി മത്സരങ്ങൾ 6 നഗരങ്ങളിൽ നടക്കും.

&&&&&&&&&&&&&

# HEADLINE 2

## WAVES CONCLUSION

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ സംഘടിപ്പിച്ച ലോക ശ്രവ്യ-ദൃശ്യ -വിനോദ ഉച്ചകോടി - WAVES 2025 ന് ഇന്ന് സമാപനം.

**(MUSIC)**

100-ലധികം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, നിക്ഷേപകർ, ഉള്ളടക്ക സ്രഷ്ടാക്കൾ തുടങ്ങിയവരുടെ സംഗമത്തിനാണ് WAVES ഉച്ചകോടി സാക്ഷിയായത്. മാധ്യമങ്ങൾ, വിനോദം, ഡിജിറ്റൽ നവീകരണം തുടങ്ങിയവയുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് നാലു ദിനം നീണ്ട ഉച്ചകോടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&

## WAVES - JAJU - INTRO

WAVES ഉച്ചകോടിയിൽ പങ്കെടുത്ത ഒരോ മത്സരാർത്ഥിയും താരങ്ങളായാണ് മടങ്ങുന്നതെന്ന് വാർത്താ വിതരണ പ്രക്ഷേപണ സെക്രട്ടറി സഞ്ജയ് ജാജു. ഉച്ചകോടിയുടെ ഭാഗമായി മുംബൈയിൽ നടന്ന സാംസ്കാരിക സമ്മേളത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. Create in India Challenge ലെ എല്ലാ വിജയികളേയും ഭാവിയിൽ നടക്കുന്ന അന്താരാഷ്ട്ര മത്സരങ്ങളിലേക്ക് സർക്കാർ പരിഗണിക്കുമെന്നും ശ്രീ സഞ്ജയ് ജാജു അറിയിച്ചു.

(വോയിസ്)

മ്യൂസിക്

&&&&&&&&&&&&&

## EC APP

തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് വോട്ടർമാർക്കും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വേണ്ടി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം സജ്ജമാക്കി. നിലവിലുള്ള 40 ലധികം മൊബൈൽ ആപ്പുകളും വെബ്

ആപ്പുകളും സംയോജിപ്പിച്ചാണ് പുതിയ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുള്ളത്. വോട്ടർമാർക്ക് തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ഡാറ്റ കൈകാര്യം ചെയ്യാനും ഇതിൽ സൗകര്യമുണ്ട്.

&&&&&&&&&&&&&&

## J-K RAMBAN

ജമ്മു കാശ്മീരിലെ റംബാൻ ജില്ലയിൽ ഇന്ന് രാവിലെ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് മൂന്ന് സൈനികർക്ക് വീരമൃത്യു. വാഹനത്തിൽ സഞ്ചരിച്ചിരുന്ന മൂന്ന് സൈനികരെ സംഭവസ്ഥലത്ത് തന്നെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ജമ്മുവിൽ നിന്ന് ശ്രീനഗറിലേക്ക് പോകുകയായിരുന്ന സൈനിക ട്രക്ക് ആണ് അപകടത്തിൽ പെട്ടത്.

&&&&&&&&&&&&&&

## RAJEEV CHANDRASEKHAR

വോട്ട് ബാങ്ക് ലക്ഷ്യമിട്ടുള്ള പ്രീണന രാഷ്ട്രീയമാണ് കോൺഗ്രസും ഇടതുപക്ഷ പാർട്ടികളും അവലംബിക്കുന്നതെന്ന് ബിജെപി കേരള അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. പാർട്ടിയുടെ "വികസിത കേരളം " എറണാകുളം നോർത്ത് ജില്ലാ കൺവെൻഷൻ കളമശ്ശേരിയിൽ അദ്ദേഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&

## NEET EXAM

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന് നടന്നു. ഇന്ത്യയിലെ 5,000 ത്തിലധികം കേന്ദ്രങ്ങളിലും വിദേശത്തെ 13 നഗരങ്ങളിലുമായി 22.7 ലക്ഷത്തോളം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. രാജ്യത്ത് ആകെയുള്ള 780 മെഡിക്കൽ കോളേജുകളിലായി ഒരുലക്ഷത്തി 18,190

MBBS സീറ്റുകളും 329 ദന്തൽ കോളേജുകളിലായി 28,000 സീറ്റുകളുമാണുള്ളത്.

**&&&&&&&&&&&&&**

## AIR INDIA-ISRAEL

ഇസ്രായേൽ നഗരമായ ടെൽ അവീവ് വിമാനത്താവളത്തിന് സമീപം മിസൈൽ ആക്രമണമുണ്ടായ സാഹചര്യത്തിൽ, ടെൽ അവീവിലേക്കും തിരിച്ചുമുള്ള എല്ലാ വിമാന സർവീസുകളും മറ്റെന്നാൾ വരെ നിർത്തിവച്ചതായി എയർ ഇന്ത്യ അറിയിച്ചു. ഇന്ന് മുതൽ ഈ മാസം 6 വരെ സാധുവായ ടിക്കറ്റുകൾ ഉപയോഗിച്ച് എയർലൈനിന്റെ വിമാനങ്ങളിൽ ബുക്ക് ചെയ്ത യാത്രക്കാർക്ക് റീഷെഡ്യൂളിംഗിനോ റദ്ദാക്കലിനോ അവസരം ഉണ്ടായിരിക്കുമെന്ന് എയർ ഇന്ത്യ അറിയിച്ചു .

**&&&&&&&&&&&&&**

## INDIA ANGOLA BUSINESS FORUM

ഇന്ത്യ - അംഗോള ഉഭയകക്ഷി ബന്ധം ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാണെന്ന് അംഗോള പ്രസിഡന്റ് ജോവോ മാനുവൽ ഗോൺകാൽവ്സ് ലോറെൻകോ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ അംഗോള ബിസിനസ് ഫോറത്തിൽ സംസാരിക്കവെ, ജനറിക് മരുന്നുകളിൽ വൈദഗ്ധ്യമുള്ള ഒരു പ്രധാന പങ്കാളിയാണ് ഇന്ത്യ എന്നും അദ്ദേഹം പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ ശക്തമായ ഊർജ്ജ പങ്കാളിത്തമാണ് അടിത്തറയിടുന്നതെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്യവേ വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് പറഞ്ഞു.

**&&&&&&&&&&&&&**
**&&&&&&&**
**&&**